K15U 0512

Reg. No.: ................................

Name : ...................................

# I Semester B.Com./B.B.A./B.B.A.T.T.M./B.B.A.R.T.M./B.T.T.M./B.B.M. Degree (CCSS – Reg./Supple./Improve.) Examination, November 2015
## COMMON COURSE IN MALAYALAM
## 1A07 1MAL : സാഹിത്യ രൂപങ്ങൾ
## (2014 Admn. Onwards)

Time : 3 Hours Max. Marks : 40

I. **മുന്നൂറ്** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക.

1) കാല്പനിക കവിതയുടെ സവിശേഷതകൾ 'മണിനാദം' എന്ന കവിതയെ ആധാരമാക്കി വിവരിക്കുക.

2) ബഷീറിന്റെ ആഖ്യാനമികവിന് മികച്ച ഉദാഹരണമാണ് 'പ്രേമലേഖനം' – സമർത്ഥിക്കുക.

3) ഉപന്യാസം എന്നാലെന്ത് ? പ്രബന്ധത്തിൽ നിന്ന് അതെങ്ങനെയെല്ലാം വേറിട്ടു നിൽക്കുന്നു ? വിവരിക്കുക.

4) വിവർത്തനം എന്നാലെന്ത് ? വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ എന്തെല്ലാമാണ് ? **(2×7=14)**

II. **നൂറ്റമ്പത്** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) ''ആ പഴയ പാതകത്തിന്റെ മാഞ്ഞ കാൽപ്പാടുകൾ നാം എവിടെ തിരയും ?'' ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

6) അപ്പൻ തമ്പുരാന്റെ ഉപന്യാസശൈലിയുടെ പ്രത്യേകതകൾ എന്തെല്ലാം ?

7) ''നിന്നു കരിങ്കടൽ പോലെയിളകുന്ന
നിന്നെ ഞാൻ കണ്ടു നിന്നോട്ടേ മതിവരെ' – സന്ദർഭവും സാരസ്യവും എഴുതുക.

8) ''പ്രാണരക്ഷണത്തിനായിത്തിരി കവർന്നീടിൽ
പാപമില്ലതിലെന്നു ചൊല്ലീലേ പുരാണങ്ങൾ'' – ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

P.T.O.

9) ''ചേറടിത്തട്ടിൽത്താണു കിടന്നേ മതിയാവൂ
സാരസപുഷ്പത്തിന്നു സൂര്യനെ സ്നേഹിക്കുവാൻ'' – വരികളിലെ ധ്വന്യാർത്ഥം വ്യക്തമാക്കുക.

10) 'ഇവിടെ ഞാൻ എല്ലാവർക്കും ഒരു ഭാരമാണ്. ഈയൊരു ജീവിതം എനിക്ക് മടുത്തു' – ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാൻ കാരണമെന്ത് ? **(4×3=12)**

III. **നൂറ്** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) ആ സമാഗമം കോരിത്തരിപ്പിക്കുന്നതായിരുന്നു. ഏത് സമാഗമം ? വിശദമാക്കുക.

12) ''വിടതരൂ! മതി പോകട്ടെ ഞാനുമെൻ –
നടനവിദ്യയും മൂകസംഗീതവും'' – ഈ വരികളിൽ തെളിയുന്ന വക്താവിന്റെ മനോഭാവമെന്ത് ?

13) ''ഇത്തീർപ്പൊന്നത്രേ കുഞ്ഞോമനയെക്കൊടുത്തപ്പോൾ'' – തീർപ്പെന്തായിരുന്നു ?

14) ലക്ഷ്യഭാഷ എന്നാലെന്ത് ?

15) ഭീംതാൾ തടാകത്തിന് ആ പേരു കിട്ടാൻ കാരണമെന്ത് ?

16) ''മനുഷ്യനനുവദിച്ചിട്ടില്ലാത്ത അവമതി അങ്ങയെ പാതാളത്തോളം ചവുട്ടിത്താഴ്ത്തും'' – ആരുടെ വാക്കുകളാണിത് ? സന്ദർഭമേത് ? **(4×2=8)**

IV. **ഒരു** വാക്കിലോ വാക്യത്തിലോ കവിയാതെ **ആറെണ്ണ**ത്തിന് ഉത്തരമെഴുതുക.

17) സാറാമ്മയ്ക്ക് കേശവൻ നായർ നിശ്ചയിച്ച ശമ്പളം എത്ര ?

18) മിനുത്ത പരവതാനിയുടെ പരുത്ത പ്രതലമാണ് വിവർത്തനം എന്നു പറഞ്ഞത് ആര് ?

19) 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകമെഴുതിയതാര് ?

20) ഗോമതി-സരയൂ നദികൾ ഒന്നിച്ചൊഴുകി നേപ്പാളിൽ പ്രവേശിക്കുമ്പോൾ ഏതു പേരിൽ അറിയപ്പെടുന്നു ?

21) ബേജ്നാഥ് മന്ദിറിലെ പ്രതിഷ്ഠ എന്താണ് ?

22) പൊൻകുരിശു തോമ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര് ?

23) പ്രൊസെയ്ക് എന്ന പദത്തിനർത്ഥം എന്ത് ?

24) 'അമ്പലമണി' എന്ന പ്രസിദ്ധകവിത എഴുതിയതാര് ? **(6×1=6)**

---